# നവലോകവും നവമാധ്യമങ്ങളും നവലോകത്തിലേക്ക്

ജോസഫ് തോമസ്

**മാധ്യമങ്ങളുടെയും ആശയവിനിമയത്തിന്റെയും സാങ്കേതികവിദ്യയുടെയും മാറ്റത്തിലൂടെ ലോകം മാറുകയാണ്, ബന്ധങ്ങളും. മലയാളത്തിലെ ആദ്യ പോഡ്കാസിന്റെ-എംപോഡ് (www.mpod.in) സ്ഥാപകനും (ഇന്റർനെറ്റ് റേഡിയോ) ബ്ലോഗറുമായ ജോസഫ് നവമാധ്യ മങ്ങളെയും സമൂഹത്തെയും വിലയിരുത്തുന്നു. പ്രതികരണങ്ങൾ പ്രതീക്ഷിക്കുന്നു.**

സമയം കിട്ടുമ്പോഴൊക്കെ ആഗോളവൽക്കരണത്തെ കണ്ണടച്ച് കുറ്റം പറയുന്നത് ആസ്വദിക്കുന്നവനാണ് മലയാളി. ആഗോളവൽക്കരണം ഉയർത്തുന്ന ഭീഷണികളെ മാത്രം പർവതീകരിച്ച് കാണിക്കുകയും എന്നാൽ അതേ സമയം അതിന്റെ ഫലങ്ങളെല്ലാം ആസ്വദിക്കുകയും ചെയ്യുന്നവനാണ് പഴയ മലയാളി. ഈ പഴയ മലയാളിയും സാങ്കേതികവിദ്യാ വിസ്ഫോടനത്തിന്റെ കാലത്തിൽനിന്നു സംസാരിക്കുന്ന പുതിയ മലയാളിയുമായി വളരെ അന്തരമുണ്ട്.

പഴയ മലയാളി തീർത്തും വികാരജീവിയാണ്. പരിചിതമല്ലാത്ത എന്തിനേയും എതിർക്കുക എന്നതാണ് പഴയ മലയാളിയുടെ ശൈലി. അവന്റെ അറിവുകൾ സ്വന്തം നാട്ടിലൊതുങ്ങി നിൽക്കുന്നു. പുറംനാടുകളെയും ജനതയെയും സംസ്കാരങ്ങളെയും കുറിച്ചുള്ള അവന്റെ അറിവ് തീർത്തും പുസ്തകതാളുകളിൽ, അല്ലെങ്കിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ നൽകുന്ന അറിവുകളിൽ അധിഷ്ഠിതമാണ്. പുതിയ മലയാളിയാവട്ടെ, പുറംനാടുകളും അവിടത്തെ സംസ്കാരവും ജനതയുമായി ഒക്കെ നിരന്തരം സമ്പർക്കം പുലർത്തുന്നവനാണ്. ഇതിനായി അവനെ സജ്ജമാക്കിയത് അവന്റെ പ്രവാസജീവിതം മാത്രമല്ല, അവനു ചുറ്റുമുള്ള ഒരു നവലോകം അവനു വച്ചുനീട്ടിയ വിജ്ഞാന വിസ്ഫോടനത്തിന്റെ കണികകൾ കൂടിയാണ്.

വിവരവിജ്ഞാന വിസ്ഫോടനത്തിന്റെ കാലത്തിലാണ് ജീവിക്കുന്നതെങ്കിലും പുതിയ മലയാളി കൂടുതൽ കൂടുതൽ തന്നിലേക്കൊതുങ്ങുന്നവനായിട്ടാണ് വളരുന്നത്. ഒരു മദ്യസദസ്സിലോ ഊണുമേശക്കിചുറ്റിലോ തന്റെ ലോകവിവരം പ്രദർശിപ്പിക്കാനുള്ള ഒരു ഉപാധി എന്ന നിലക്കല്ലാതെ, സമൂഹത്തെ ബാധിക്കുന്ന ഭൂരിഭാഗം പ്രശ്നങ്ങളിലും പുതിയ മലയാളിക്ക് യാതൊരു താൽപര്യവുമില്ല. അതൊക്കെ സ്ഥാപിത താൽപര്യങ്ങളുള്ള, അല്ലെങ്കിൽ ഒരുകൂട്ടം വികാരജീവികളായ ബുദ്ധിജീവി നാട്യമുള്ള ഒരു കൂട്ടം ആളുകളുടെ ജോലിയാണെന്നാണ് അവൻ കരുതുന്നത്. പഴയ മലയാളിയും പുതിയ മലയാളിയും പരസ്പരം



സംശയക്കണ്ണിലൂടെ മാത്രമാണ് പരസ്പരം വീക്ഷിക്കുന്നതും അങ്ങോട്ടുമിങ്ങോട്ടുമുള്ള ഈ സംശയാസ്പദ വീക്ഷണം മൂലം ഇരുകൂട്ടരും ഒരു ആശയസംവേദനത്തിന് മുതിരുന്നില്ല. (കാപ്പിറ്റലിസവും സോഷ്യലിസവും ഒരു പരസ്പര ചർച്ചക്ക് തയ്യാറില്ലാത്തുപോലെ) ഫലം, ഇരുകൂട്ടരും അവരവരുടെ സങ്കുചിത ചിന്താഗതികളിലേക്ക് ഒതുങ്ങിപോകുന്നു എന്നതാണ്.

ഈയിടെ തൃശൂരിൽ കലശമലയിൽ വച്ചുനടന്ന ''നിലാവറിയാൻ'' എന്ന പരിപാടിയെക്കുറിച്ച് ഓർക്കുകയാണ്. പരിചയപ്പെടുത്തൽ ചടങ്ങിനിടക്ക് ഒരു യുവാവ് താൻ ഒരു എം.ബി.എ. വിദ്യാർത്ഥിയാണെന്ന് സ്വയം പരിചയപ്പെടുത്തിയപ്പോൾ 'നിങ്ങളെപോലുള്ളവരെയാണ് ഈ നാട്ടിൽനിന്നും ആദ്യം പുറത്താക്കേണ്ടതെന്ന് കളിയും കാര്യവും കൂട്ടിക്കലർത്തി ആരോ പറയുകയുണ്ടായി. അഭ്യസ്തവിദ്യരായ യുവാക്കൾക്ക് (അവർ ഗ്രാമീണരോ നാഗരികരോ ആവട്ടെ) ഇതു കേൾക്കുമ്പോൾ ഉണ്ടാകാവുന്ന മാനസികാവസ്ഥ ആലോചിച്ചുനോക്കുക.

സമാനചിന്താഗതിയുള്ളവരെ സംഘടിപ്പിക്കുന്നത് വളരെ കുറച്ചുമാത്രം പരിശ്രമം ആവശ്യമുള്ള ഒരു സംഗതിയാണ്. സാമൂഹ്യപ്രശ്നങ്ങളെ കുറിച്ച് സമൂഹത്തെ ബോധവൽക്കരിക്കണമെന്ന് ആത്മാർത്ഥമായി നമ്മുടെ സാമൂഹ്യപ്രവർത്തകർക്ക് ആഗ്രഹമുണ്ടെങ്കിൽ അവർ ആദ്യം കടന്നുചെല്ലേണ്ടത് അവർ അന്യരെന്നു കരുതി അകറ്റി നിർത്തിയ സമൂഹത്തിലെ അഭ്യസ്തവിദ്യരും യുവാക്കളും വിദേശപ്രവാസികളുമായവർക്കിടയിലാണ്. ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ എന്തുചെയ്യാൻ കഴിയുമെന്നൊരു ചിന്ത നമുക്കിടയിൽ കാര്യമായി ഉണ്ടായിട്ടില്ലെന്നു തോന്നുന്നു.

യുവാക്കളുടെ കാര്യം തന്നെ എടുക്കാം. ഇന്നത്തെ യുവാക്കൾ ഏതു വിഷയത്തിലും വ്യക്തതയും സുതാര്യതയും ആവശ്യപ്പെടുന്നവരാണ്. അവർ ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഉത്തരം നൽകാൻ വേണ്ടപ്പെട്ടവർ ബാദ്ധ്യസ്ഥരാണ്. ''ഷെൽ'' ഓയിൽ കമ്പനി ലോക പരിസ്ഥിതിയുടെ സംരക്ഷകരെന്ന വ്യാജേന പരസ്യങ്ങൾ ഇറക്കിക്കൊണ്ടിരിക്കുമ്പോഴും എങ്ങനെ പരിസ്ഥിതിയെ മലിനീകരിച്ചുകൊണ്ടിരിക്കുന്നു എന്ന് ചർച്ച ചെയ്യുമ്പോൾതന്നെ, പരിസ്ഥിതി പഠനം തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന എത്രയോ എൻ.ജി.ഒകൾ ധനദുർവിനിയോഗം ചെയ്യുന്നുണ്ട് എന്ന ചോദ്യം ഉയരുന്നുണ്ട്. സാമൂഹ്യപ്രവർത്തകർ അവരുടെ ദൈനംദിന ജീവിതമാർഗ്ഗം കണ്ടെത്തുന്നതെങ്ങനെ എന്ന് ആശങ്കപ്പെടുന്നവരുണ്ട്. ഇത്തരം ചോദ്യങ്ങൾ പലപ്പോഴും അലോസരമുളവാക്കുന്നതും സങ്കടപ്പെടുത്തുന്നതും ചിലപ്പോഴൊക്കെ അമർഷമുളവാക്കുന്നതുമാണ്. പക്ഷേ ഉത്തരം നൽകിയില്ലെങ്കിൽ സമൂഹത്തിൽ നിലവിലുള്ള വിടവ് വലുതാക്കുന്നതിന് മാത്രമേ അത് സഹായകരമാവൂ.

ഉത്തരങ്ങൾ നൽകുമ്പോൾ അത് ലക്ഷ്യമാക്കുന്ന സമൂഹത്തിലേക്ക് ഏറ്റവും ഫലപ്രദമായ മാർഗത്തിലൂടെ വിനിമയം ചെയ്യേണ്ടതുണ്ട്. മാധ്യമങ്ങൾ തന്നെയാണ് അതിനുള്ള ഒരു പ്രധാന ഉപാധി. പക്ഷേ പലപ്പോഴും മുഖ്യധാരാ മാധ്യമങ്ങൾ അവരുടെ സ്ഥാപിത താൽപര്യങ്ങൾക്ക് വിപരീതമായി വരുന്ന ഒന്നിനേയും സ്വീകരിക്കാൻ തയ്യാറാവാറില്ല. അപ്പോൾ കൂടുതൽ ഫലപ്രദമായ ഒരു മാധ്യമം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇവിടെയാണ് നവമാധ്യമങ്ങളുടെ പ്രസക്തി.


## നവലോകം, നവമാധ്യമങ്ങൾ

നവമാധ്യമങ്ങളായ ബ്ലോഗുകൾ, പോഡ്കാസ്റ്റുകൾ എന്നിവ ലോകമെമ്പാടും ഒരു മാധ്യമവിപ്ലവത്തിന് വഴി തെളിച്ചിരിക്കുകയാണ്. വാർത്തകൾക്കും വാർത്താ അവലോകനങ്ങൾക്കും സാമ്പ്രദായിക മാധ്യമങ്ങളെ മാത്രം ആശ്രയിച്ചിരുന്ന കാലം പൊതുജനത്തിന്റെ ശക്തി വിളിച്ചോതുന്ന നവ മാധ്യമങ്ങൾക്കായി വഴി മാറിക്കൊണ്ടിരിക്കുന്നു. പോഡ്കാസ്റ്റുകളെ പറ്റി തന്നെ പറഞ്ഞുതുടങ്ങാം.

പോഡ്കാസ്റ്റ് എന്നത് ലളിതമായി പറഞ്ഞാൽ, ഒരു ഇന്റർനെറ്റ് റേഡിയോ ആണ്. പക്ഷേ സാധാരണ ഇന്റർനെറ്റ് റേഡിയോയെയും സാമ്പ്രദായിക റേഡിയോ ചാനലുകളെയും അപേക്ഷിച്ച് ഇതിന് ചില മേന്മകളുണ്ട്. അവയിൽ പ്രധാനപ്പെട്ട ചില ഗുണങ്ങളെ കുറിച്ച് പറയാം. ഒരു സാധാരണ റേഡിയോ പരിപാടി കേൾക്കണമെങ്കിൽ അത് പ്രക്ഷേപണം ചെയ്യുന്ന സമയത്ത് റേഡിയോയുടെ മുമ്പിൽ നമ്മളുണ്ടാവേണ്ടതുണ്ട്. മാത്രമല്ല ചില റേഡിയോ ചാനലുകൾക്ക് അതിന്റെ പ്രക്ഷേപണ പരിധികളുമുണ്ട്. പോഡ്കാസ്റ്റുകൾക്ക് ഇത്തരം പരിമിതികൾ ഇല്ല. ഒരു പോഡ്കാസ്റ്റ് എന്നത് ഒരു എം.പി.ത്രീ. ഫയൽ ആയിരിക്കുമെന്നതിനാൽ അത് ഇന്റർനെറ്റിൽനിന്നും ഡൗൺലോഡ് ചെയ്ത് നമുക്ക് സൗകര്യമുള്ളപ്പോൾ കേൾക്കാം. ഇഷ്ടപ്പെട്ട പരിപാടികൾ മാത്രം തെരഞ്ഞെടുക്കാം. ലോകത്തിന്റെ ഏത് കോണിൽ നിന്നുള്ള പോഡ്കാസ്റ്റുകളും ഒരു കമ്പ്യൂട്ടറും ഒരു ഇന്റർനെറ്റ് കണക്ഷനും ഉണ്ടെങ്കിൽ എപ്പോൾ വേണമെങ്കിലും കേൾക്കാമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത.

പോഡ്കാസ്റ്റുകളെ ഒരു സാധാരണ ഓഡിയോ ഫയലിൽനിന്നും വ്യത്യസ്തമാക്കുന്ന മറ്റൊരു ഘടകമുണ്ട്. RSS അഥവാ Really Simple Syndication എന്ന സാങ്കേതിക വിദ്യയാണ് അത്. RSS സാങ്കേതിവിദ്യ ശ്രോതാക്കളെ ഒരു വെബ്സൈറ്റിലേക്ക് പോകാതെ തന്നെ അവിടെയുള്ള പുതിയ ഉള്ളടക്കങ്ങളെ (പോഡ്കാസ്റ്റുകളെ) ശേഖരിക്കാൻ സഹായിക്കുന്നു.

പോഡ്കാസ്റ്റുകളെ കുറിച്ച് പരക്കേയുള്ള ഒരു തെറ്റിദ്ധാരണ ഇത് കേൾക്കാൻ ആപ്പിൾ കമ്പനിയുടെ മ്യൂസിക് പ്ലേയർ ആയ ഐപോഡ് വേണമെന്നതാണ്. ഇത് തികച്ചും വാസ്തവ വിരുദ്ധമാണ്. ഐപോഡോ അല്ലെങ്കിൽ സമാനമായ എം.പി3 മ്യൂസിക് പ്ലെയറോ പോഡ്കാസ്റ്റുകൾ കേൾക്കാൻ സഹായിക്കുമെങ്കിലും




ഇതൊന്നുമില്ലെങ്കിൽ പോലും നമ്മുടെ കമ്പ്യൂട്ടറിലുള്ള എം.പി3 പ്ലെയറുകളിലൂടെ (വിൻഡോസ് മീഡിയാ പ്ലെയർ, വിൻആംപ്, റിയൽ പ്ലെയർ തുടങ്ങിയവ) പോഡ്കാസ്റ്റുകൾ കേൾക്കാവുന്നതാണ്.

മാറിവരുന്ന കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കി പ്രശസ്തമായ പല സാമ്പ്രദായിക മാധ്യമങ്ങളും പോഡ്കാസ്റ്റിങ്ങ് രംഗത്തേക്ക് കടുന്നുവന്നിട്ടുണ്ട്. ബി.ബി.സി., സി.എൻ.എൻ. നാഷണൽ ജ്യോഗ്രഫിക്, അമേരിക്കയിലെ നാഷണൽ പബ്ലിക് റേഡിയോ എന്നിവക്കെല്ലാം ഇന്ന് പോഡ്കാസ്റ്റുകളുണ്ട്.

## പോഡ്കാസ്റ്റ് തയ്യാറാക്കുന്നതെങ്ങിനെ ?

ഒരു നല്ല വിഷയം, കമ്പ്യൂട്ടർ, മൈക്രോഫോൺ, റെക്കോഡിംഗ് സോഫ്റ്റ്‌വെയർ എന്നിവ ഉണ്ടെങ്കിൽ ആർക്കും ഒരു പ്രോഡ്കാസ്റ്റ് തുടങ്ങാം. സൗജന്യമായി ഉപയോഗിക്കാവുന്ന ഓഡാസിറ്റി പോലെയുള്ള റെക്കോഡിംഗ് സോഫ്റ്റ്‌വെയറുകൾ ഇന്റർനെറ്റിൽനിന്നുതന്നെ ഡൗൺലോഡ് ചെയ്യാം. റെക്കോഡ് ചെയ്തത് എം.പി3 ഫോർമാറ്റിൽ സൂക്ഷിക്കാനുള്ള സൗകര്യം ഇത്തരം സോഫ്റ്റ്‌വെയറുകൾ തന്നെ തരുന്നുമുണ്ട്. ഇത്തരത്തിൽ സേവ് ചെയ്ത എം.പി3 ഫയൽ ഒരു സമ്പൂർണ്ണ പോഡ്കാസ്റ്റ് ആക്കി മാറ്റിയെടുക്കാനുള്ള സഹായം (RSS feed പോലെയുള്ള സാങ്കേതികമായ വശത്തെ കുറിച്ച് അറിയാത്ത ഭൂരിപക്ഷത്തിനും ഇത് സഹായകമാണ്) ചില സൗജന്യ പോഡ്കാസ്റ്റിംഗ് സേവന ദാതാക്കൾ നൽകുന്നുണ്ട്. അതിലൊന്നാണ് പോഡ്ബസാർ (www.podbazaar.com). ഈ സൈറ്റിൽ ഒരു അക്കൗണ്ട് തുറന്നാൽ നമ്മുടെ സ്വന്തം പോഡ്കാസ്റ്റ് തുടങ്ങുന്നതിനുള്ള എളുപ്പമാർഗമായി. പിന്നീട് വേണ്ടത് ഓരോ എപ്പിസോഡിന്റെയും എം.പി3 ഫയലുകൾ പോഡ്കാസ്റ്റ് ഡോട് കോമിലേക്ക് അപ്‌ലോഡ് ചെയ്യുക എന്നതാണ്. ഇത്രയുമായാൽ നമ്മുടെ സ്വന്തം പോഡ്കാസ്റ്റ് റെഡി.

ഒരിക്കൽ നമ്മുടെ സ്വന്തം പോഡ്കാസ്റ്റ് തയ്യാറാക്കപ്പെട്ട് കഴിഞ്ഞാൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ അത് തുടർച്ചയായി പുതുക്കികൊണ്ടിരിക്കേണ്ടത് ആവശ്യമാണ്. ഇതുവഴി പതിവായി പോഡ്കാസ്റ്റുകൾ കേൾക്കുന്ന ശ്രോതാക്കളുടെ ഒരുകൂട്ടം ഉണ്ടാക്കിയെടുക്കാൻ പറ്റും.

അഭ്യസ്തവിദ്യരും ചെറുപ്പക്കാരും അമേരിക്കയിലും മറ്റു പുറംനാടുകളിലും ജോലി സംബന്ധമായി ജീവിക്കുന്നവരുമായ ഒരു വർഗത്തിലേക്ക് നമുക്ക് പറയാനുള്ള കാര്യങ്ങൾ നേരെ പറയുന്നതിന് നവമാധ്യമങ്ങൾ വളരെയധികം പ്രയോജനപ്പെടും. (അമേരിക്കയിലും മറ്റും ജീവിക്കുന്ന ഇന്ത്യക്കാർ നാട്ടിൽ നടക്കുന്ന കാര്യങ്ങളെ കുറിച്ചറിയാൻ ഇപ്പോൾ നവമാധ്യമങ്ങളെ ആശ്രയിക്കുന്നുണ്ട്.) സമൂഹത്തിലെ ഉപരിവർഗ്ഗത്തിന് (വിദ്യാഭ്യാസപരമായും സാമൂഹികമായും) താരതമ്യേന താഴ്ന്ന വർഗത്തിന്റെ ചിന്താധാരയെ സ്വാധീനിക്കാനുള്ള കഴിവുണ്ട്. അതുകൊണ്ട് ആ ഉപരിവർഗത്തെ അയിത്തം കൽപ്പിച്ച് മാറ്റിനിർത്താതെ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതും മാനുഷികസമരങ്ങളിലും സാമൂഹ്യനിർമിതിയിലും അവരുടെകൂടി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതും മറ്റുള്ളവരുടെ ചുമതലയാണ്. അതിനായി ആഗോളീകരണകാലത്തെ മാധ്യമവിപ്ലവങ്ങളെ അറിയേണ്ടതും ഉപയോഗപ്പെടുത്തേണ്ടതുമുണ്ട്.

*jocalling.blogspot.com, 9447350986*

**കേരളീയം കൂട്ടായ്മ**

താങ്കളുടെ സഹായം തേടുന്നു
**കൂട്ടായ്മ അംഗത്വം 10,000 രൂപ ആജീവാനന്ത വരിസംഖ്യ**
വിദേശത്തേക്ക് 8000 രൂപ, ഇന്ത്യയിൽ 5,000 രൂപ
**വാർഷിക വരിസംഖ്യ ഇന്ത്യയിൽ 180 രൂപ**
സ്ഥാപനങ്ങൾക്ക് 350 രൂപ, വിദേശത്തേക്ക് 1000 രൂപ
**പ്രതീക്ഷയോടെ കാത്തിരിക്കുന്നു.**
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ
ബന്ധപ്പെടുക : **കേരളീയം, കൊക്കാലെ, തൃശൂർ-21.**
Ph : 9388872845, 9447674375 robinkeraleeyam@gmail.com

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

**P.G. Centre**

North Bus Stand, Thrissur-20. Ph : 2338983, 6950675
e-mail : trc_postgrad@sancharnet.in.

**books magazines periodicals**

**ByWORD BOOKS**

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
**for rare and new books**